# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1768. 25-03-2013 -ൽ മറുപടിക്ക്.

## വ്യാജമദ്യം വിൽക്കപ്പെടാതിരിക്കാൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ:<br>" പി. ശ്രീരാമകൃഷ്ണൻ:<br>" വി. ശിവൻകുട്ടി:<br>" രാജു എബ്രഹാം: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാജമദ്യം വില്ക്കപ്പെടാതിരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് വ്യാജമദ്യം വില്ക്കപ്പെടാതിരിക്കാൻ, ശക്തമായ റെയ്ഡും, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തി വരുന്നു. കുറ്റകൃത്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറാൻ പ്രത്യേകമായി ഒരു എക്സൈസ് ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചു വരുന്നു. കൂടാതെ, സംസ്ഥാന, ജില്ല, താലൂക്ക്, പഞ്ചായത്ത്തല ജനകീയ സമിതികൾ, കുടുംബശ്രീ, മദ്യനിരോധന സമിതികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച്, പോലീസ്, വനം, റവന്യൂ എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തി വരുന്നു. |
| (ബി) മദ്യകുപ്പിയിൽ പതിക്കാനുള്ള ഹോളോഗ്രാം നിർമ്മാണ ചുമതല പൊതുമേഖലയിലാണോ നടന്നു വരുന്നത്; നിലവിലുള്ള ചുമതല ആർക്കാണ്; | (ബി) അതെ. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് ആവശ്യമായ ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബലുകൾ, പൊതുമേഖലാ സ്ഥാപനമായ സി-ഡിറ്റ് ആണ് അച്ചടിച്ച് വിതരണം ചെയ്യുന്നത്. |
| (സി) നിർമ്മാണ ചുമതല ഏല്പിക്കുന്നതിന് പുതിയ ടെണ്ടർ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ടെണ്ടർ വ്യവസ്ഥകളിൽ പുതുതായി എന്തെല്ലാം വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്; ഇതിന്റെ ഉദ്ദേശ്യം എന്താണ്; | (സി) തീരുമാനിച്ചിട്ടില്ല. |
| (ഡി) ബിവറേജസ് കോർപ്പറേഷന് മദ്യം സപ്ലൈ ചെയ്യുന്ന കമ്പനികൾക്ക് ഹോളോഗ്രാം നിർമ്മാണം നടത്തുന്നവരിൽ നിന്നും അത് ലഭിക്കാതിരിക്കാനുള്ള മുൻകരുതലുകൾ എന്തെല്ലാമാണ്; അങ്ങനെ ലഭിച്ചാൽ നികുതിവെട്ടിപ്പിനിടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണം സ്വകാര്യ കമ്പനിക്ക് നൽകിയാൽ നികുതി വെട്ടിപ്പിനുള്ള സാധ്യത വർദ്ധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) മദ്യകുപ്പിയിൽ പതിക്കാനുള്ള ഹോളോഗ്രാമിന്റെ നിർമ്മാണ ചുമതല, പൊതുമേഖലാ സ്ഥാപനമായ സി-ഡിറ്റിനാണ് നല്കിയിട്ടുള്ളത്. ആയതിനാൽ, ഈ സ്ഥാപനത്തിൽ അച്ചടിക്കുന്ന സുരക്ഷാ ലേബലുകൾ സ്വകാര്യ മദ്യ കമ്പനികൾക്ക് ലഭിക്കാനുള്ള സാധ്യതയില്ല. എന്നിരുന്നാലും, ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതാണ്. |

സെക്ഷൻ ആഫീസർ